സുപ്രഭാതം 21 December 2022

# ഫാറ്റിലിവർ ചെറുക്കാനുള്ള കടൽപായൽ ഉൽപന്നം വിപണിയിലേക്ക്

**വികസിപ്പിച്ചത് സി.എം.എഫ്. ആർ.ഐ**

കൊച്ചി • നോൺ ആൽക്കഹോളിക് ഫാറ്റി ലിവറിനെ ചെറുക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) കടൽപായലിൽ നിന്നും വികസിപ്പിച്ച പ്രകൃതിദത്ത ഉൽപന്നം ഉടൻ വിപണിയിലെത്തും. കടൽമീൻ ലിവ്ക്യവർ എക്സ്ട്രാക്റ്റ് എന്ന ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നം വാണിജ്യാടിസ്ഥാനത്തിൽ നിർമിക്കുന്നതിനും വിപണിയിലെത്തിക്കുന്നതിനും സ്വകാര്യ കമ്പനിയായ എമിനിയോടെക്കുമായി സി.എം.എഫ്.ആർ.ഐ ധാരണയായി. സി.എം.എഫ്.ആർ.ഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ കാജൽ ചക്രബർത്തിയാണ് ഉൽപന്നം വികസിപ്പിച്ചത്.

കടൽപായലിൽ അടങ്ങിയിരിക്കുന്ന ഫലപ്രദമായ ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിച്ച് വികസിപ്പിച്ച ഉൽപന്നത്തിന്റെ

सी एम एफ आर आइ
CMFRI

സാങ്കേതികവിദ്യ കൈമാറുന്നതിനുള്ള അനുമതി പത്രം സി.എം.എഫ്.ആർ.ഐ ഡയരക്ടർ ഡോ.എ. ഗോപാലകൃഷ്ണനും എമിനിയോടെക് മാനേജിങ് ഡയരക്ടർ ഇവാൻജലിസ്റ്റ് പത്രോസും ഒപ്പുവച്ചു.

കരളിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും അമിതമായി അടിഞ്ഞുകൂടിയ കൊഴുപ്പുകൾ നിയന്ത്രണവിധേയമാക്കുന്നതിനും ഈ ഉൽപന്നം സഹായകരമാണെന്ന് സി.എം.എഫ്. ആർ.ഐയുടെ ഗവേഷണത്തിലൂടെ ബോധ്യപ്പെട്ടതാണെന്ന് ഡയരക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ പറഞ്ഞു. പൂർണമായും പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ച് നിർമിച്ച ഈ ഉൽപന്നത്തിന് യാതൊരുവിധ പാർശ്വഫലങ്ങളുമില്ലെന്നത് ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ തെളിഞ്ഞതാണ്. ആരോഗ്യസംരക്ഷണ രംഗത്ത് കടൽപായലുകൾക്കുള്ള അനന്തസാധ്യതകൾ മനസിലാക്കി ഇവയുടെ കൃഷി വൻതോതിൽ വികസിപ്പിക്കുന്നതിന് സി.എം.എഫ്. ആർ.ഐ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.